(ii) രേഖാമൂലം നൽകുന്ന ഉത്തരങ്ങൾ

ഉദ്യോഗാർത്ഥികളായ മലയാളികളെ കർണ്ണാടക പോലീസ് മർദ്ദിച്ചതായ പരാതി

*426 [447] ശ്രീ. പി. ഭാസ്കരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര റിസർവ്വ് പോലീസിലേക്കുള്ള സെലക്ഷനുവേണ്ടി ബാംഗ്ളൂരിലേക്കുപോയ നൂറു കണക്കിന് മലയാളികളെ കർണ്ണാടക പോലീസ് മർദ്ദിച്ചവശരാക്കിയ സംഭവത്തെക്കുറിച്ചു വല്ല പരാതിയും കിട്ടിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതു സംബന്ധിച്ച് എന്തു നടപടി സ്വീകരിച്ചു?

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻ നായർ):

(എ) കണ്ണൂർ നിന്നും ഒരു അബ്ദുൽ സലാമിന്റെ പരാതി കിട്ടിയിട്ടുണ്ട്.

(ബി) പ്രസ്തുത പരാതി പോലീസ് ഇൻസ്പെക്ടർ ജനറലിനു മേൽനടപടിക്കായി അയച്ചു കൊടുത്തിട്ടുണ്ട്.

നീലഗിരിയിൽനിന്നും കുടിയിറക്കിയ കർഷകരുടെ പ്രശ്നങ്ങൾ

*427 [449] ശ്രീ. കെ. പി. നൂറുദ്ദീൻ:

ശ്രീ. സി. പി. ഗോവിന്ദൻ നമ്പ്യാർ:

ശ്രീ. കെ. സുകുമാരനുണ്ണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നീലഗിരിയിൽനിന്നും മലയോരകർഷകരെ കുടിയിറക്കിയതു സംബന്ധിച്ച് കർണ്ണാടക സംസ്ഥാന ഗവൺമെൻറുമായി നടത്തിയ ചർച്ചകൊണ്ട് എന്തു ഫലമുണ്ടായി എന്നു വ്യക്തമാക്കുമോ;

(ബി) നീലഗിരിയിൽനിന്നും കുടിയിറക്കപ്പെട്ട മലയാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുകയും അവർക്കുണ്ടായ നഷ്ടങ്ങൾക്ക് പരിഹാരം നൽകുകയും ചെയ്തിട്ടുണ്ടോ?

റവന്യൂവും സഹകരണവും വകുപ്പു മന്ത്രി (ശ്രീ. ബേബിജോൺ):

(എ, ബി) ഗൂഡല്ലൂരിൽ ഈ അടുത്തകാലത്തു നടന്ന കുടിയിറക്കിനെക്കുറിച്ചാണ് ചോദ്യം എന്നു കരുതുന്നു. അയൽ സംസ്ഥാനങ്ങളിലെ ആഭ്യന്തരകാര്യങ്ങളിൽ ഇടപെടാൻ ബുദ്ധിമുട്ടുണ്ടെങ്കിലും, സംസ്ഥാനങ്ങൾ തമ്മിൽ നിലവിലുള്ള സൗഹാർദ്ദത്തിന്റെ വെളിച്ചത്തിൽ റവന്യൂ മന്ത്രിമാർ തമ്മിൽ വ്യക്തിപരമായ ചർച്ചകൾ നടത്തിയിട്ടുണ്ട്. ഈ ചർച്ചകളുടെ അടിസ്ഥാനത്തിൽ പുതുതായിട്ടുള്ള അനധികൃത കയ്യേറ്റങ്ങളിൻമേൽ മാത്രമേ നടപടികൾ എടുത്തിട്ടുള്ളുവെന്നും പഴയ കയ്യേറ്റങ്ങൾ ഒഴിപ്പിച്ചിട്ടുണ്ടെങ്കിൽ അവർക്കുവേണ്ടി തക്കതായ പുനരധിവാസനടപടികൾ എടുക്കാമെന്നും തമിഴ്നാട് റവന്യൂ മന്ത്രി ഉറപ്പു തന്നിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly